ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

# A6 - ക്രിസ്തീയ ജീവിതം

## ഒരു പുതിയ ജീവിതം

### പാഠം 1 – ഒരു ക്രിസ്ത്യാനിക്ക് പുതിയ ജീവിതം ഉണ്ട്

**വായനഭാഗം:**
**യോഹന്നാൻ 1:12,13 ; യോഹന്നാൻ 3 :18**

**താക്കോൽ വാക്യം:**
**അതിന്നു യേശു, "ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല". യോഹന്നാൻ 3:5.**

ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത് ദൈവത്തിൽ നിന്ന് നമുക്ക് പുതിയ ജീവിതം ലഭിക്കുമ്പോഴാണ്. ഈ പുതിയ ജീവിതം എന്ന് പറയുന്നത് :

* **ആത്മീയമാണ്** 'പുതിയ ജീവിതം' എന്നാൽ നമുക്ക് പുതിയ ശരീരങ്ങൾ നൽകപ്പെടുന്നു എന്നല്ല. അതിനർത്ഥം ഒരു പുതിയ സ്വഭാവം നൽകപ്പെടുന്നു എന്നാണ്. ദൈവത്തിൻ ആത്മാവിനാൽ വീണ്ടും ജനിക്കുക എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത് ***(യോഹന്നാൻ 3:6)***

* **ദൈവത്തിൽ നിന്നുള്ളതാണ്** ഈ ആത്മീയ 'പുതിയ ജീവിതം' നമുക്ക് നൽകുന്നത് ദൈവമാണ്. വീണ്ടും ജനിക്കുക എന്നത് 'മുകളിൽ നിന്ന് ', അതായത് ദൈവത്തിൽ നിന്ന് ജനിക്കുക എന്നതാണ്. നമ്മുടെ മാതാപിതാക്കളിൽ നിന്ന് നമുക്ക് അത് അവകാശമായി ലഭിക്കുന്നില്ല; അത് നമ്മുടെ നല്ല ജീവിതം കൊണ്ട് സമ്പാദിക്കുന്നില്ല, പണം കൊടുത്ത് അത് വാങ്ങിക്കാനും കഴിയുകയില്ല.അത് ദൈവത്തിന്റെ ദാനമാണ്. ***(യോഹന്നാൻ 1:12, 13)***

* **നിത്യമാണ്** ഇതിനർത്ഥം അത് ഒരിക്കലും അവസാനിക്കുകയില്ല, അത് നമ്മിൽ നിന്ന് ഒരിക്കലും എടുത്തുകളയുകയുമില്ല. ***(യോഹന്നാൻ 10:28)***



ഒരു ക്രിസ്ത്യാനിയെ വിശേഷിപ്പിക്കുന്ന മൂന്ന് വിവരണങ്ങൾ :

### ഒരു ക്രിസ്ത്യാനി ദൈവത്തിന്റെ പൈതലാണ്.

***1 യോഹന്നാൻ 3: 1, 2*** വായിക്കുക. നമ്മുടെ സ്വാഭാവിക ജനനത്താൽ നാം ദൈവത്തിന്റെ മക്കളാകുന്നില്ല. ദൈവം എല്ലാ പുരുഷന്മാരുടെയും സ്ത്രീകളുടെയും സ്രഷ്ടാവാണ് എന്ന് പറയുന്നതും എന്നാൽ എല്ലാവരുടെയും പിതാവാണെന്ന് പറയുന്നതും ഒരേ ആശയമല്ല. ***യോഹന്നാൻ 8: 42–44*** ൽ, ദൈവം ചിലരുടെ പിതാവാണെന്നും എന്നാൽ മറ്റുള്ളവർക്ക് ദൈവം പിതാവല്ലെന്നും കർത്താവായ യേശു പറയുന്നു. 'ലോകത്ത് രണ്ട് കുടുംബങ്ങൾ' ഉണ്ട്; ആദാമിന്റെ (പിശാചിന്റെ) കുടുംബം', ദൈവത്തിന്റെ കുടുംബം. എല്ലാവരുടെയും പിതാവായ ആദാമിന്റെ കുടുംബത്തിലാണ് ഓരോ കുഞ്ഞും ജനിക്കുന്നത്. ആദ്യത്തെ മനുഷ്യൻ എന്ന നിലയിൽ അവൻ പിശാചിന്റെ കുടുംബത്തിന്റെ തലവനാണ്. അവൻ ദൈവത്തിനെതിരെ മത്സരിക്കുകയും ദൈവത്തിന്റെ ഏറ്റവും വലിയ ശത്രുവായ പിശാചിനോട് എങ്ങനെ ചേർന്ന് നിന്നുവെന്ന് ഓർക്കുക. ***(ഉൽപത്തി:3)***. ഈ വലിയ കുടുംബത്തിലെ അംഗങ്ങളെന്ന നിലയിൽ, നമുക്കെല്ലാവർക്കും മനുഷ്യശരീരങ്ങളുണ്ട്, എന്നാൽ അതോടൊപ്പം പാപത്താൽ വീണുപോയതായ സ്വഭാവങ്ങളും നമുക്കുണ്ട്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കന്യാമറിയത്തിൽ നിന്ന് ജനിച്ചതും പാപസ്വഭാവമില്ലാത്തതുമായത് യേശു മാത്രമാണ്. ***(ലൂക്കോസ്: 35)*** നാം ക്രിസ്ത്യാനികളാകുമ്പോൾ, ***യോഹന്നാൻ 1:12*** നമ്മെ പഠിപ്പിക്കുന്നതുപോലെ, ആദാമിന്റെ കുടുംബത്തിൽ നിന്നും ദൈവത്തിന്റെ കുടുംബത്തിൽ ജനിക്കുകയും ദൈവത്തിന്റെ മക്കൾ എന്ന് വിളിക്കപ്പെടാനുള്ള അവകാശം നൽകുകയും ചെയ്യുന്നു.

### ഒരു ക്രിസ്ത്യാനി രക്ഷിക്കപ്പെട്ട പാപിയാണ്.

*'.... ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിലേക്ക് വന്നു...' (1 തിമൊഥെയൊസ് 1:15)*

ക്രിസ്ത്യാനികൾ തങ്ങളുടെ പാപങ്ങൾ അർഹിക്കുന്ന ശിക്ഷയിൽ നിന്ന് ദൈവത്താൽ രക്ഷിക്കപ്പെട്ടവരാണ്. പാപത്തിന്റെ ശിക്ഷ എന്നേക്കും ദൈവത്തിൽ നിന്ന് അകന്ന് ജീവിക്കുക എന്നതാണ്; ദൈവത്തിൽ നിന്നുള്ള ഈ നിത്യ വേർപാടിനെ 'നരകം' എന്ന് വിളിക്കുന്നു.

ദൈവത്തോടുള്ള അനുസരണക്കേടാണ് പാപം. മോഷണം, നുണപറയൽ, കൊലപാതകം എന്നിങ്ങനെ ദൈവം നമ്മോട് പറയരുതെന്ന് പറയുന്ന കാര്യങ്ങൾ ചെയ്യുമ്പോൾ നാം ദൈവത്തോട് അനുസരണക്കേട് കാണിക്കുന്നു. എല്ലാ കാര്യങ്ങളിലും ദൈവത്തിനു പ്രഥമ സ്ഥാനം നൽകുക, തുടങ്ങിയവ ചെയ്യുന്നതിൽ പരാജയപ്പെടുമ്പോൾ നാം ദൈവത്തോട് അനുസരണക്കേട് കാണിക്കുന്നു. ദൈവം സ്നേഹത്തിന്റെ ദൈവമാണെങ്കിലും, അവൻ ഒരു വിശുദ്ധ ദൈവമാണ്, പാപത്തെ ശിക്ഷിക്കാതിരിക്കാൻ അവന് കഴിയുകയില്ല. നമ്മുടെ പാപത്തെക്കുറിച്ചു ദൈവത്തിന് കോപമുണ്ട് ഒരിക്കൽ അവൻ അതിനെ തീർച്ചയായും ശിക്ഷിക്കും. അവൻ നമ്മെ സ്നേഹിക്കുന്നതിനാൽ, നാം കർത്താവായ യേശുവിലും നമുക്കുവേണ്ടി ക്രൂശിലെ അവന്റെ മരണത്തിലും ആശ്രയിക്കുന്നെങ്കിൽ അവന്റെ ന്യായവിധിയിൽ നിന്ന് നമ്മെ രക്ഷിക്കാൻ അവൻ തയ്യാറാണ്.

### ഒരു ക്രിസ്ത്യാനി ക്ഷമിക്കപ്പെട്ട പാപിയാണ്.

***1 യോഹന്നാൻ** 2:12* വായിക്കുക. നാം വീണ്ടും ജനിക്കുമ്പോൾ, ദൈവം നമ്മുടെ എല്ലാ പാപങ്ങളും ക്ഷമിക്കുന്നു, കാരണം **ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു.** *(1 കൊരിന്ത്യർ 15:3)* ഇതിനർത്ഥം യേശുകർത്താവ് ക്രൂശിൽ മരിച്ചപ്പോൾ അവൻ നമ്മുടെ പാപങ്ങൾ വഹിക്കുകയും നാം അനുഭവിക്കേണ്ട ശിക്ഷ അനുഭവിക്കുകയും ചെയ്തു എന്നാണ്. തൽഫലമായി നമ്മുടെ എല്ലാ പാപങ്ങളും പൊറുക്കുവാനും അവയെ തുടച്ചുനീക്കുവാനും ദൈവത്തിന് സാധ്യമാകുന്നു. തന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നറിയുന്നതിന്റെ അതിശയകരമായ സന്തോഷത്തെക്കുറിച്ച് ദാവീദ് രാജാവ് എഴുതി. **ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ** ***സങ്കീർത്തനം** 32:1*

ഈ കാര്യങ്ങൾ നിങ്ങളെ സംബന്ധിച്ച് സത്യമാണെന്ന് നിങ്ങൾക്കറിയാമെങ്കിൽ നിങ്ങൾ ദൈവത്തിന് നന്ദി പറയുക .! അങ്ങനെയല്ലെങ്കിൽ, നിങ്ങളെ അവന്റെ മക്കളിൽ ഒരാളാക്കുവാനും പാപത്തിന്റെ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷിക്കുവാനും നിങ്ങൾ അവനെതിരെ ചെയ്തതെല്ലാം ക്ഷമിക്കുവാനും ദൈവത്തോട് അപേക്ഷിക്കുക. 'എന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്'എന്ന് കർത്താവായ യേശു പറഞ്ഞത് ഓർക്കുക. ***(യോഹന്നാൻ 6:47)***

**ഇത് ക്രിസ്തീയ ജീവിതം എന്ന പഠനത്തിന്റെ അഞ്ച് യൂണിറ്റുകളിൽ ആദ്യത്തേത്**

ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

# A6 - ക്രിസ്തീയ ജീവിതം

## ഒരു പുതിയ ജീവിതം

### പാഠം 2 – മുമ്പും ശേഷവും

**വായനഭാഗം:**
**എഫെസ്യർ 2 :1–10**

**താക്കോൽ വാക്യം:**

**"കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കയും കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു".**
**എഫെസ്യർ 2 :4,5**

ഈ പഠനത്തിൽ നാം ഒരു ക്രിസ്ത്യാനി ആകുന്നതിന് മുമ്പും ശേഷവും ഒരു വ്യക്തിയുടെ ജീവിതത്തിലെ ചില വ്യത്യാസങ്ങൾ സൂക്ഷ്മ പരിശോധന നടത്തുവാൻ പോകുന്നു.

### ഒരു ക്രിസ്ത്യാനി എന്നാൽ ദൈവത്തിങ്കലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവനാണ്.

***പ്രവൃത്തികൾ 3: 19*** ൽ ആളുകൾ മനസാന്തരപ്പെടുക എന്നതിനർത്ഥം അവർ ഒരു കാര്യത്തിലോ അഭിപ്രായത്തിലോ നിന്ന് മറ്റൊന്നിലേക്ക് മാറുകയോ തിരിയുകയോ ചെയ്യുന്നു എന്നാണ്. അവർ ചെയ്തിരുന്ന പാപപ്രവൃത്തികളോട് പുറംതിരിഞ്ഞ് ദൈവത്തെ പ്രസാദിപ്പിക്കുന്ന ജീവിതം നയിക്കുകയാണ്. ***പ്രവൃത്തികൾ 26: 18*** ൽ ക്രിസ്ത്യാനിയാകുന്നത്***'ഇരുളിൽ നിന്നും വെളിച്ചത്തിലേക്കു'*** തിരിയുന്നതിന് തുല്യമാണെന്ന് പറയപ്പെടുന്നു. ***പ്രവൃത്തികൾ 14: 15*** ൽ വ്യർത്ഥകാര്യങ്ങളെ വിട്ട് ജീവനുള്ള ദൈവത്തിങ്കലേക്ക് തിരിയുന്നതിനെ സൂചിപ്പിക്കുന്നു.ഈ ജീവിതത്തിലെ മാറ്റം എന്താണെന്നതിന്റെ മറ്റൊരു ഉത്തമ ഉദാഹരണമാണ് തെസ്സലോനിക്കാ നഗരത്തിലെ ക്രിസ്ത്യാനികൾ. ***'അവർ വിഗ്രഹങ്ങളെ വിട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു'*** എന്നു നാം വായിക്കുന്നു. *(1 തെസ്സലൊനീക്യർ 1: 9, 10)*

ഇന്നത്തെ ആളുകളുടെ അനുഭവത്തിൽ, പഴയതും പുതിയതും തമ്മിലുള്ള വൈരുദ്ധ്യം അത്ര വ്യത്യസ്തമായിരിക്കുന്നില്ല,, എന്നിരുന്നാലും ദൈവത്തിലേക്ക് ബോധപൂർവം തിരിയുന്നവരുടെ ജീവിതത്തിൽ ദിശയുടെയും ലക്ഷ്യത്തിന്റെയും മാറ്റങ്ങൾ കാണുവാൻ സാധിക്കും.

### ഒരു ക്രിസ്ത്യാനി എന്നാൽ ദൈവവുമായി നിരപ്പു പ്രാപിച്ച വ്യക്തിയാണ്.

***കൊലൊസ്സ്യർ*** *1:21, 22* നാം ക്രിസ്ത്യാനികളാകുന്നതിനുമുമ്പ്, നാം ദൈവത്തിന്റെ ശത്രുക്കളാണ്. എല്ലാ മനുഷ്യരും ദൈവത്തിന്റെ ശത്രുക്കളായി ജനിക്കുന്നു. ആദാമിൽ നിന്ന് നമുക്ക് പാരമ്പര്യമായി ലഭിച്ച പാപസ്വഭാവമാണ് നമ്മെ ദൈവത്തിന്റെ ശത്രുക്കളാക്കുന്നത്, കാരണം പാപപ്രകൃതി ദൈവത്തെ വെറുക്കുന്നു, ബൈബിളിനെ വെറുക്കുന്നു, ദൈവത്തിന് എതിരായ കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നു. അതിനർത്ഥം നാം അവനെ പൂർണ്ണഹൃദയത്തോടെ വെറുക്കുന്നു എന്നല്ല, നാം അവനെ സ്നേഹിക്കുകയും അവന്റെ വചനം പാലിക്കുകയും അവനെ പ്രസാദിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നില്ല എന്നാണ്. എന്നാൽ നാം ക്രിസ്ത്യാനികളാകുമ്പോൾ, ദൈവം നമ്മുടെ ശത്രുത ഇല്ലാതാക്കുകയും ***'ദൈവവുമായുള്ള സമാധാനം'*** നൽകുകയും ചെയ്യുന്നു. *(**റോമർ** 5: 1)* കർത്താവായ യേശുക്രിസ്തുവിന്റെ മരണത്തിലൂടെയാണ് നാം ദൈവവുമായി നിരപ്പ് പ്രാപിക്കുന്നത്, ***'... അവൻ നമ്മെ ക്രിസ്തു മൂലം തന്നോട് നിരപ്പിച്ചു ...'*** *(2 കൊരിന്ത്യർ 5:18; റോമർ 5:10)*

### ഒരു ക്രിസ്ത്യാനി "ക്രിസ്തുവിലുള്ളവനാണ്"

നാം ക്രിസ്ത്യാനികളാകുന്നതിന് മുമ്പ് നമ്മൾ ***ദൈവമില്ലാത്തവരാണ്.*** *(**എഫെസ്യർ** 2:12)* അതായത് നമ്മൾ നമ്മുടെ പൂർവ്വികനായ ആദാമിന്റെ കുടുംബത്തിലായിരുന്നു എന്നാണ്. നമ്മളും അവനെപ്പോലെ പാപികളായിരുന്നു. എന്നാൽ നാം ***'വീണ്ടും ജനിക്കുമ്പോൾ,*** നമ്മുടെ പുതിയ കുടുംബത്തിന്റെ തലയായ ക്രിസ്തുവിന്റെ കുടുംബത്തിലേക്ക് നാം ചേർക്കപ്പെട്ടു.ദൈവം നൽകുന്ന എല്ലാ അനുഗ്രഹങ്ങളും ക്രിസ്തുവിൽ നമുക്ക് ലഭിക്കുന്നു. പൗലോസ് പറയുന്നു, ***'ദൈവം... എല്ലാ ആത്മീയ അനുഗ്രഹങ്ങളാലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്നു....'*** *(**എഫെസ്യർ** 1:3)*

### ഒരു ക്രിസ്ത്യാനി എന്നത് പരിശുദ്ധാത്മാവ് അധിവസിക്കപ്പെടുന്നവനാണ്.

***1 കൊരിന്ത്യർ*** *6: 19* നാം ക്രിസ്ത്യാനികളാകുന്നതിന് മുമ്പ്, നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നത് നമ്മുടെ പാപപ്രകൃതികളാണ്. എന്നാൽ നാം ക്രിസ്ത്യാനികളാകുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ വസിക്കുന്നു. *(1 **യോഹന്നാൻ** 3:24)* പരിശുദ്ധാത്മാവ് ഉണ്ടായിരിക്കുക എന്നതിനർത്ഥം, പാപത്തെ വെറുക്കുകയും ദൈവത്തോടും അവന്റെ വചനത്തോടുമുള്ള സ്നേഹം പ്രകടിപ്പിക്കാൻ തുടങ്ങുന്ന ഒരു പുതിയ സ്വഭാവം നമുക്കുണ്ടാകുകയും ചെയ്യുന്നു എന്നാണ്. പ്രലോഭനങ്ങളെ അതിജീവിക്കാനും പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. എല്ലാ സത്യക്രിസ്ത്യാനികളോടും കൂടെ അവൻ എപ്പോഴും ഉണ്ട്, അവൻ ഒരിക്കലും നമ്മെ കൈവിടുകയില്ല. ***(യോഹന്നാൻ 14:16, 17)***

### ഒരു ക്രിസ്ത്യാനി എന്നത് ദൈവത്തോട് കൂടെ ജീവിക്കുന്നവനാണ്

***എഫെസ്യർ*** *2:1* നാം ക്രിസ്ത്യാനികളാകുന്നതിന് മുമ്പ് നാം മരിച്ചവരായിരുന്നു. അതിനർത്ഥം നാം അവനെ അറിഞ്ഞിട്ടില്ല, അവനെ സ്നേഹിക്കുന്നില്ല, അവനെ മനസ്സിലാക്കിയിട്ടില്ല, അല്ലെങ്കിൽ അവനുമായി ഒരു കൂട്ടായ്മയും ഇല്ലായിരുന്നു. എന്നാൽ നാം ക്രിസ്ത്യാനികളാകുമ്പോൾ, പരിശുദ്ധാത്മാവ് നമ്മെ ദൈവത്തോട് അടുക്കും വിധം ജീവിപ്പിക്കുന്നു.



ഒരു ക്രിസ്ത്യാനി എന്നത് പുതിയ ആത്മീയ ജീവിതങ്ങൾ ലഭിച്ച വീണ്ടും ജനിച്ച പാപിയാണ്,. പാപത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ന്യായവിധിയിൽ നിന്ന് നാം രക്ഷിക്കപ്പെട്ടവരാണ്, നമ്മുടെ എല്ലാ പാപങ്ങളും ക്ഷമിക്കപ്പെട്ടു, പഴയ പാപകരമായ വഴികളിൽ നിന്ന് ദൈവത്തിലേക്ക് തിരിഞ്ഞവരും ദൈവവുമായി നിരപ്പ് പ്രാപിച്ചവരും ആണ്. ഇനി നാം ദൈവത്തിന്റെ ശത്രുക്കളല്ല. ***'നമ്മൾ ക്രിസ്തുവിൽ'*** ഉള്ളവനും, പരിശുദ്ധാത്മാവ് ഉള്ളിൽ ജീവിക്കുകയും ദൈവത്തിനായി ജീവിക്കുകയും ചെയ്യുന്നവരും ആണ്. നാം ക്രിസ്ത്യാനികൾ ആകുന്ന സമയത്തു ഈ കാര്യങ്ങളെല്ലാം നമുക്ക് സംഭവിച്ചതിന് ദൈവത്തിന് നന്ദി പറയണം,. നിങ്ങളുടെ പാപങ്ങളെക്കുറിച്ച് നിങ്ങൾ യഥാർത്ഥമായി അനുതപിക്കുകയും കർത്താവായ യേശുവിനെ വ്യക്തിപരമായി രക്ഷകനായി വിശ്വസിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, ഇതെല്ലാം നിങ്ങളുടെ കാര്യത്തിൽ സത്യമാണ്. ***2 കൊരിന്ത്യർ 5:17 അനുസരിച്ച്, നിങ്ങൾ ഒരു 'പുതിയ സൃഷ്ടി' ആണ്, 'പഴയത് കഴിഞ്ഞുപോയി....'***

**ഇത് ക്രിസ്തീയ ജീവിതം എന്ന പഠനത്തിന്റെ അഞ്ച് യൂണിറ്റുകളിൽ ആദ്യത്തേത്**

# ഉത്തരക്കടലാസ്സ്

## A6 – ക്രിസ്തീയ ജീവിതം

### ഒരു പുതിയ ജീവിതം

പാഠം 1 – ഒരു ക്രിസ്ത്യാനിക്ക് പുതിയ ജീവിതം ഉണ്ട്

**അദ്ധ്യാപകന്റെ അഭിപ്രായം:**

**പേര്:** ______________________________

**വിലാസം:** ______________________________

1. **പുതിയ ജീവിതം എന്ന പഠനത്തിൽ ഉപയോഗിച്ചിരിക്കുന്ന മൂന്ന് കാര്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ശരിയായ വചനങ്ങൾ തമ്മിൽ ഒരു വര വരച്ച് ബന്ധിപ്പിക്കുക.** / 3

| | |
|---|---|
| "വീണ്ടും ജനിക്കുക എന്നത്" | എന്നേക്കും |
| "ആത്മാവിൽ നിന്ന് ജനിച്ചത്" | ദൈവത്തിൽ നിന്നുള്ളതാണ് |
| "ഞാൻ അവയ്ക്ക് നിത്യജീവൻ നൽകുന്നു..." | ആത്മീയം |

2. **"വീണ്ടും ജനിക്കുക" എന്നതിന്റെ അർത്ഥമെന്താണെന്ന് നിങ്ങൾക്ക് കഴിയും വിധം വിശദീകരിക്കുക.** / 4

______________________________

______________________________

3. ***യോഹന്നാൻ 10: 28* വായിച്ച ശേഷം ക്രിസ്ത്യാനികൾ എങ്ങനെ ആണ് സുരക്ഷിതരായിരിക്കുന്നത് എന്ന് എഴുതുക.** / 1

______________________________

______________________________

4. **എന്തുകൊണ്ട് എന്നതിന് ഒരു കാരണം എഴുതുക:** / 3

A) നാമെല്ലാവരും ദൈവത്തിന്റെ കുടുംബത്തിലാണെന്ന് പറയാൻ കഴിയുകയില്ല. ______________

B) യേശു ഭൂമിയിലായിരുന്നപ്പോൾ താൻ നമ്മിൽ നിന്ന് വ്യത്യസ്തനായിരുന്നു. ______________

C) നമുക്കെല്ലാവർക്കും ഒരു പാപ സ്വഭാവമുണ്ട്. ______________

5. **ദൈവം നമ്മോട് ചെയ്യരുതെന്ന് പറഞ്ഞിട്ടും ദൈവത്തിന്നെതിരായി പാപം പ്രവൃത്തിക്കുകയും ചെയ്യുന്നതിന്റെ നാല് ഉദാഹരണങ്ങൾ നൽകുക. *(പുറപ്പാട് 20* വായിക്കുക) ദൈവം നമ്മോട് ചെയ്യാൻ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചെയ്യുന്നതിൽ നാം എങ്ങനെ പരാജയപ്പെടുന്നു എന്നതിന്റെ രണ്ട് ഉദാഹരണങ്ങൾ നൽകുക. *(കൊലൊസ്സ്യർ 3: 12 – 14, 18 – 20* വായിക്കുക)** / 6

______________________________

______________________________

______________________________

______________________________

6. **ഒരു ക്രിസ്ത്യാനി രക്ഷിക്കപ്പെട്ട പാപിയാണ്.** / 2

a) ഒരു ക്രിസ്ത്യാനി എന്തിൽ നിന്നാണ് രക്ഷിക്കപ്പെട്ടത്? ______________

b) ദൈവം നമ്മെ രക്ഷിക്കാൻ ആഗ്രഹിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവ് എന്താണെന്നാണ് നിങ്ങൾ കരുതുന്നത്?

______________________________

7. **നിക്കോദേമൊസ് ഏതുതരം മനുഷ്യനായിരുന്നുവെന്ന് വിവരിക്കുന്ന ഒരു വാചകം എഴുതുക. *യോഹന്നാൻ 3* ലെ വാക്യങ്ങളെ അടിസ്ഥാനമാക്കി നിങ്ങളുടെ ഉത്തരം നൽകുക.** / 3

______________________________

______________________________

8. ***32–ാം സങ്കീർത്തനത്തിന്റെ* ആദ്യ പദമായ "ഭാഗ്യവാൻ" എന്നത് "ഹേ സന്തോഷമേ" എന്ന് വിവർത്തനം ചെയ്യാവുന്നതാണ്. എന്തുകൊണ്ടാണ് ക്ഷമിക്കപ്പെട്ട ഒരാൾ സന്തോഷവാനായിരിക്കുന്നത് ?** / 3

______________________________

______________________________

______________________________

**ചിന്തിക്കുക:** സുവിശേഷത്തിന്റെ സുവാർത്ത അറിയാത്ത ഒരാൾക്ക് ഒരു ക്രിസ്ത്യാനി ആയിരിക്കുന്നതിന്റെ പ്രയോജനങ്ങൾ നിങ്ങൾ എങ്ങനെ വിശദീകരിക്കും.

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A6 – ക്രിസ്തീയ ജീവിതം

### ഒരു പുതിയ ജീവിതം

പാഠം 2 – മുമ്പും ശേഷവും

**അദ്ധ്യാപകന്റെ അഭിപ്രായം:**

**1. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 3

a) 'ദൈവത്തിങ്കലേക്കു തിരികെ വരുന്നതിനു' സാധാരണ ഉപയോഗിക്കാറുള്ള വാക്ക് ഏത്?

b) ***1 തെസ്സലൊനീക്യർ 1: 9, 10*** വായിക്കുക. അവർ ക്രിസ്ത്യാനികളായിത്തീർന്നശേഷം അവർ ചെയ്തതും തുടർന്നുകൊണ്ടിരുന്നതും നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.

**2. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 6

a) "ദൈവവുമായി നിരപ്പ് പ്രാപിച്ചു" എന്നു പറയുന്നതിന്റെ അർത്ഥമെന്താണെന്ന് ചുരുക്കമായി വിശദീകരിക്കുക.

b) നമ്മൾ ദൈവവുമായി നിരപ്പ് പ്രാപിക്കേണ്ടത് എന്തിന്?

c) നമുക്ക് ദൈവത്തോട് നിരപ്പ് പ്രാപിക്കുന്നത് എങ്ങനെയാണു സാധ്യമാകുന്നത്?

**3. ശരിയോ തെറ്റോ എന്ന് പ്രസ്താവിക്കുക:** / 5

a) പരിശുദ്ധാത്മാവ് ഓരോ ക്രിസ്തീയ വിശ്വാസികളിലും വസിക്കുന്നു.

b) നാം നല്ല ക്രിസ്തീയ വിശ്വാസിയായി ജീവിച്ചില്ലെങ്കിൽ പരിശുദ്ധാത്മാവ് നമ്മെ വിട്ടുപോകും.

c) നമ്മുടെ സ്നാന സമയത്ത് പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു.

d) ***1 കൊരിന്ത്യർ 6:19*** നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണെന്നാണ് നമ്മെ പഠിപ്പിക്കുന്നത്.

e) യേശു തന്റെ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ അയയ്ക്കുമെന്നാണ് വാഗ്ദത്തം ചെയ്തത് ***(യോഹന്നാൻ 14:16, 17)*** .

**4. വായന ഭാഗം വീണ്ടും വായിക്കുക, തുടർന്ന് ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:.** / 4

a) നമ്മൾ ഒരിക്കൽ 'മരിച്ചവർ' ആയിരുന്നത് ഏത് വിധത്തിലാണ്?

b) ഏതു വിധത്തിലാണ് ദൈവം 'സമ്പന്നൻ'?

c) നാം ഏതിനാലാണ് രക്ഷ പ്രാപിക്കുവാൻ കഴിയാതിരിക്കുന്നതു?

d) രക്ഷിക്കപ്പെട്ടവർ എന്തിനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്?

**5. ക്രിസ്ത്യാനിയായിത്തീർന്ന ഒരാളെ *2 കൊരിന്ത്യർ 5:17* ൽ എങ്ങനെയാണ് വിവരിക്കുന്നത്?** / 2

**6. പഠനത്തിലെ വിവരങ്ങളും ചുവടെയുള്ള ബൈബിൾ വാക്യങ്ങളും ഉപയോഗിച്ച്, ഒരു വ്യക്തി രക്ഷിക്കപ്പെടുന്നതിന് മുമ്പും ശേഷവും ഉള്ള വ്യത്യാസങ്ങൾ മനസിലാക്കുന്നതിന് വിട്ടുപോയ വാക്കുകൾ പൂരിപ്പിക്കുക.** / 5

| വാക്യം | മുമ്പ് | ശേഷം |
|---|---|---|
| *പ്രവൃത്തികൾ 26: 18* | ഇരുട്ട് | ________ |
| *റോമർ 5:10* | ________തന്നെ | ദൈവത്തോട് നിരപ്പ് |
| *എഫെസ്യർ 2: 12, 13* | ദൈവമില്ലാത്തവർ | ________ |
| *1 കൊരിന്ത്യർ 6:18,19* | ശരീരം ________ | മന്ദിരം ________ |
| *എഫെസ്യർ 2:1, 5* | പാപങ്ങളാലും ________ | ജീവിപ്പിക്കയും |

**ചിന്തിക്കുക:** ഈ നിമിഷത്തിൽ (ചോദ്യം 6 ൽ പറഞ്ഞിരിക്കുന്നവ ഓർത്ത്) ദൈവം നിങ്ങളുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ചു ദൈവത്തിനു നന്ദി അർപ്പിക്കുക.

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A6 - ക്രിസ്തീയ ജീവിതം

### ഒരു പുതിയ ജീവിതം

പാഠം 3 - പുതുക്കപ്പെട്ട പ്രവൃത്തികൾ

**അദ്ധ്യാപകന്റെ അഭിപ്രായം:**

**1. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 4

a) ചുങ്കക്കാരിൽ പലരും ഏതു രീതിയിലാണ് അവിശ്വസ്തത കാണിച്ചത്?

b) സക്കായി യേശുവിന്റെ അനുഗാമിയായിത്തീർന്നപ്പോൾ തന്റെ ഹൃദയമാറ്റം ഏതെല്ലാം വിധങ്ങളിലാണ് പ്രകടമാക്കിയത്?

**2. "മാനസാന്തരം " അർത്ഥമാക്കുന്നത് എന്താണ് എന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക** / 2

**3. ഏതു വിധത്തിൽ ആണ് ശൗൽ ഒരു ക്രിസ്ത്യാനിയായിത്തീർന്നപ്പോൾ അവന്റെ ജീവിതം മാറിയത് ?** / 2

**4. കൊരിന്തിലെ വിശ്വാസികൾക്ക് "നിങ്ങൾ കഴുകപ്പെട്ടിരിക്കുന്നു .." എന്ന് എഴുതിയപ്പോൾ പൗലോസ് എന്താണ് അർത്ഥമാക്കിയിരിക്കുന്നത് എന്നാണ് നിങ്ങൾ കരുതുന്നത് ? (*1 കൊരിന്ത്യർ 6: 9 – 11* കാണുക)** / 2

**5. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 4

a) എഫെസൊസിലെ ആളുകൾ അവരുടെ പുസ്തകങ്ങൾ കത്തിച്ചത് എന്തിനായിരുന്നു എന്ന് ചുരുക്കമായി എഴുതുക. (***പ്രവൃത്തികൾ 19: 17 – 19*** കാണുക)

b) എന്തുകൊണ്ടാണ് അവർ പരസ്യമായി കത്തിച്ചതെന്ന് നിങ്ങൾ കരുതുന്നത്?

**6. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 4

a) മോശം ശീലങ്ങളും പാപങ്ങളും തരണം ചെയ്യാൻ ക്രിസ്ത്യാനികൾക്ക് എന്ത് "ശക്തിയാണ്" ഉള്ളത്?

b) ***ഗലാത്യർ 5: 22– 23*** വായിച്ചതിന് ശേഷം നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കേണ്ട പരിശുദ്ധാത്മാവിന്റെ "ഫലം" ഏതൊക്കെയാണെന്ന് എഴുതുക.

**7. താക്കോൽ വാക്യത്തിന്റെ ഈ രണ്ട് ഭാഗങ്ങൾ എന്താണ് അർത്ഥമാക്കുന്നത് എന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക:** / 4

a) 'പഴയത് കഴിഞ്ഞുപോയി'

b) 'പുതുതായി തീർന്നിരിക്കുന്നു'

**8. അടുത്തിടെ രക്ഷിക്കപ്പെട്ട ഒരാളുടെ ജീവിതത്തിൽ 'പുതിയ ജീവിതത്തിന്റെ' എന്തെല്ലാം തെളിവുകളാണ് കാണപ്പെടേണ്ടത്?** / 3

**ചിന്തിക്കുക:** ഞാൻ ഒരു ക്രിസ്ത്യാനിയായിത്തീർന്നതിനുശേഷം എന്റെ ജീവിതം എങ്ങനെ മാറിയിരിക്കുന്നു? എന്റെ ജീവിതത്തിൽ ഞാൻ ഇനിയും ഒഴിവാക്കേണ്ട ചില പാപകരമായ ശീലങ്ങളും പ്രവൃത്തികളും ഏതൊക്കെയാണ്?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

# A6 - ക്രിസ്തീയ ജീവിതം

## ഒരു പുതിയ ജീവിതം

### പാഠം 4 – പുതുക്കപ്പെട്ട മനോഭാവങ്ങൾ

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. ***പ്രവൃത്തികൾ 16: 11–15* വീണ്ടും വായിച്ചതിന് ശേഷം താഴെ പറയുന്ന പ്രസ്താവനകൾക്ക് ശരിയോ തെറ്റോ എന്ന് എഴുതുക:** / 5

a) പൗലോസും സുഹൃത്തുക്കളും ഫിലിപ്പി സന്ദർശിക്കുകയായിരുന്നു. ______

b) അവർ ചന്തസ്ഥലത്ത് ഒരു പ്രാർത്ഥനായോഗത്തിൽ സംബന്ധിച്ചു. ______

c) ലുദിയാ തുയതൈരാ പട്ടണത്തിൽ നിന്നുള്ളവളായിരുന്നു. ______

d) അവൾ രക്താംബരം വിൽക്കുന്നവളായിരുന്നു. ______

e) ലുദിയാ ദൈവത്തിൽ വിശ്വസിച്ചിരുന്നില്ല. ______

2. **പൗലോസ് പ്രസംഗിച്ച സന്ദേശത്തോട് ലുദിയാ എങ്ങനെ പ്രതികരിച്ചു?** / 2

______

3. ***1 യോഹന്നാൻ 4:19* വായിച്ച് താഴെപറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 2

a) എന്തുകൊണ്ടാണ് നമ്മൾ ദൈവത്തെ സ്നേഹിക്കുന്നത്? ______

b) 'അവൻ ആദ്യം നമ്മെ സ്നേഹിച്ചു' എന്നതിന്റെ ഏറ്റവും വലിയ തെളിവ് എന്താണെന്ന് നിങ്ങൾ കരുതുന്നു? ______

4. ***യോഹന്നാൻ 13: 34, 35* വായിച്ച് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 6

a) യേശു നമുക്ക് നൽകിയ പുതിയ കൽപ്പന എന്താണ്? ______

b) നമ്മൾ എങ്ങനെ പരസ്പരം സ്നേഹിക്കണം? ______

c) നമ്മൾ പരസ്പരം സ്നേഹിക്കുന്നതിന്റെ ഫലം എന്താണ്? ______

5. ***1 പത്രോസ് 2: 13* വായിക്കുക, തുടർന്ന് ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 6

a) ബൈബിൾ എങ്ങനെയാണ് വിവരിച്ചിരിക്കുന്നത്? ______

b) ബൈബിളിനോടുള്ള ക്രിസ്ത്യാനിയുടെ മനോഭാവം എന്തായിരിക്കണം? ______

c) നാം ബൈബിൾ വായിക്കുന്നത് അവഗണിക്കുകയാണെങ്കിൽ, അത് എപ്രകാരമാണ് നമ്മുടെ ആത്മീയ വളർച്ചയെ ബാധിക്കുന്നത് ? ______

6. ***കൊലൊസ്സ്യർ 3:12–15* വായിച്ചതിനു ശേഷം ക്രിസ്ത്യാനികൾ അവരുടെ ജീവിതത്തിൽ പ്രകടിപ്പിക്കേണ്ട നാല് ഗുണങ്ങൾ എഴുതുക.** / 4

______

**ചിന്തിക്കുക:** മറ്റു ക്രിസ്ത്യാനികളോട് നിങ്ങൾക്ക് യഥാർത്ഥ 'ക്രിസ്തീയ സ്നേഹം' കാണിക്കാനാകുന്ന ചില പ്രായോഗിക മാർഗങ്ങളെക്കുറിച്ച് ചിന്തിക്കുക.

**ആകെ മാർക്ക്** / 25 **ആകെ യൂണിറ്റ് മാർക്ക്** / 100

© Bible Educational Services | Visit : www.besweb.com | 9/2022

# ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

## A6 - ക്രിസ്തീയ ജീവിതം

### ഒരു പുതിയ ജീവിതം

### പാഠം 3 – പുതുക്കപ്പെട്ട പ്രവൃത്തികൾ

**വായനഭാഗം:**
**ലൂക്കോസ് 19: 1–10**
**താക്കോൽ വാക്യം:**
**"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു"**
**2 കൊരിന്ത്യർ 5:17**

ക്രിസ്ത്യാനികൾ പുതിയ സൃഷ്ടികളാണെന്ന് ബൈബിൾ നമ്മോട് പറയുന്നു. 'പഴയത് കഴിഞ്ഞുപോയി; ഇതാ, അത് പുതുതായി തീർന്നിരിക്കുന്നു'. (താക്കോൽ വാക്യം) നാം 'ജീവന്റെ പുതുക്കത്തിൽ' നടക്കുവാനായി പറഞ്ഞിരിക്കുന്നു. ***(റോമർ 6:4 കാണുക)*** ഇത് എന്താണ് അർത്ഥമാക്കുന്നത്?



സക്കായി എന്ന് പേരുള്ള മനുഷ്യനെക്കുറിച്ച് നാം വായന ഭാഗത്തു കാണുന്നു.യേശുവിന്റെ കാലത്ത് തന്നെ ജീവിച്ച ഒരു ചുങ്കക്കാരനായിരുന്നു അദ്ദേഹം. ജനങ്ങളുടെ കൈയിൽ നിന്ന് പിരിച്ചെടുക്കുന്ന കരം റോമാക്കാർക്ക് നൽകുന്നതായിരുന്നു അവന്റെ ജോലി.അക്കാലത്തെ ഭൂരിഭാഗം ചുങ്കക്കാരെ പോലെ, ജനങ്ങളോട് വളരെ അന്യായമായി പെരുമാറിയ ഒരു വഞ്ചകനായിരുന്നു അദ്ദേഹം. എന്നാൽ യേശു ഒരു ദിവസം അവനെ കാണുവാൻ വന്നു, സാക്കയിയോട് സംസാരിച്ചു, 'ഇന്ന് ഈ വീട്ടിന് രക്ഷ വന്നിരിക്കുന്നു' എന്ന് പറഞ്ഞു. ***(ലൂക്കോസ് 19:9)*** അവന് എങ്ങനെയാണ് ഇത് പറയാൻ കഴിഞ്ഞത്? സക്കായിൽ സംഭവിച്ച മാറ്റം കർത്താവായ യേശുവിന് അറിയാമായിരുന്നു. മറ്റാർക്കും കാണാത്ത വിധത്തിൽ നമ്മുടെ ഹൃദയങ്ങളെ അവന് കാണാൻ കഴിയും!

എന്നാൽ, അതിനുപുറമെ, മാറ്റത്തിന്റെ ദൃശ്യമായ അടയാളങ്ങളും ഉണ്ടായിരുന്നു: സക്കായി മുമ്പ് സ്വാർത്ഥനും പണം കൊള്ളയടിക്കുന്നവനും നീചനുമായിരുന്നു, അവൻ ഇപ്പോൾ ഔദാര്യനും ദയാശീലനും ആയിത്തീർന്നു. തന്റെ ധനത്തിന്റെ പകുതി പാവപ്പെട്ടവർക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്തു. ഇതാണ് മാനസാന്തരം കൊണ്ട് അർത്ഥമാക്കുന്നത് ഹൃദയമാറ്റം നല്ല സ്വഭാവ മാറ്റത്തിലേക്ക് നയിക്കുന്ന.

സക്കായി താൻ ചെയ്ത തെറ്റ് ശരിയാക്കാൻ ആഗ്രഹിച്ചു, ഇതുവരെ ചെയ്ത സത്യസന്ധതയില്ലാത്ത കാര്യങ്ങൾ നിർത്താൻ തീരുമാനിച്ചു .. മുമ്പ് ആളുകളെ വഞ്ചിച്ചിടത്ത്, ഇപ്പോൾ അവർക്ക് തിരികെ നൽകാനും യഹൂദ നിയമം ആവശ്യപ്പെടുന്നതിനേക്കാൾ നാലിരട്ടി തുക നൽകാനും അവൻ ആഗ്രഹിച്ചു. ഒരു ക്രിസ്ത്യാനിയായി മാറുന്ന എല്ലാവരും ഇതു പോലെ ചെയ്തുപോയ തെറ്റുകളെ ശരിയാക്കുവാൻ ശ്രമിക്കേണ്ടതാണ്.

ക്രിസ്ത്യാനികളായിത്തീർന്നപ്പോൾ അവരുടെ ജീവിതത്തിൽ നാടകീയമായ മാറ്റങ്ങൾ സംഭവിച്ച നിരവധി ഉദാഹരണങ്ങൾ പുതിയ നിയമത്തിൽ അടങ്ങിയിരിക്കുന്നു. ശൗൽ (പിന്നീട് പൗലോസ് എന്നറിയപ്പെട്ടു) ഒരു ക്രിസ്ത്യാനി ആയപ്പോൾ അവൻ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നത് നിർത്തി അവരെ പരിപാലിക്കാൻ തുടങ്ങി. തുടർന്ന് അദ്ദേഹം മറ്റുള്ളവരോട് സുവിശേഷം പ്രസംഗിക്കാൻ പോയി. അവൻ സന്ദർശിച്ച സ്ഥലങ്ങളിൽ ഒന്ന് വളരെ അധാർമിക നഗരമായ കൊരിന്ത് പട്ടണം ആയിരുന്നു. രക്ഷിക്കപ്പെട്ടവർക്ക് അവരുടെ ജീവിതരീതി മാറ്റേണ്ടിവന്നു. അവർക്കുള്ള തന്റെ ലേഖനത്തിൽ വിഗ്രഹാരാധകരും കള്ളന്മാരും ലൈംഗിക അധാർമികതയുടെ കുറ്റവാളികളും ഉൾപ്പെടെ ദൈവരാജ്യം അവകാശമാക്കാത്തവരുടെ ഒരു പട്ടിക പൗലോസ് നൽകുന്നു. തുടർന്ന് അദ്ദേഹം പറയുന്നത് ***"നിങ്ങളിൽ ചിലർ അങ്ങനെ ഉള്ളവർ ആയിരുന്നു. എന്നാൽ നിങ്ങൾ നിങ്ങളെ തന്നെ കഴുകി..." (1 കൊരിന്ത്യർ 6:11)***

അതുപോലെ, എഫെസൊസിലെ സഭയിലെ ചില ആളുകൾ ക്രിസ്ത്യാനികളാകുന്നതിന് മുമ്പ് ക്ഷുദ്രപ്രയോഗം നടത്തിയിരുന്നു. ഒരിക്കൽ അ***വർ രക്ഷിക്കപ്പെട്ടു. അപ്പോൾ അവർ അത് പരസ്യമായി നിർത്തലാക്കി. "ക്ഷുദ്രപ്രയോഗം ചെയ്തിരുന്ന പലരും തങ്ങളുടെ പുസ്തകങ്ങളെ കൊണ്ടുവന്നു എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു; ." (പ്രവൃത്തികൾ 19:19)*** ഈ കാര്യം അവരുടെ മനസ്സിന്റെയും പെരുമാറ്റത്തിന്റെയും പൂർണ്ണമായ മാറ്റത്തെ കാണിക്കുന്നു .ഇതാണ് യഥാർത്ഥ പരിവർത്തനത്തിന്റെ വ്യക്തമായ അടയാളം!

ഈ പഠനത്തിൽ പരാമർശിച്ചിരിക്കുന്നവരുടെ പശ്ചാത്തലത്തിൽ നിന്നല്ല നമ്മൾ പലരും വന്നിരിക്കുന്നത്, എന്നാൽ ദൈവദൃഷ്ടിയിൽ ശരിയല്ലാത്ത പാപകരമായ ശീലങ്ങൾ നമുക്കെല്ലാവർക്കും ഉണ്ട്. ക്രിസ്ത്യാനികളാകുന്നതിന് മുമ്പ് കള്ളം പറയുക, വഞ്ചിക്കുക, മോഷ്ടിക്കുക, മോശം ഭാഷ ഉപയോഗിക്കുക തുടങ്ങിയ ചില കാര്യങ്ങൾ നമ്മൾ ചെയ്തിരുന്നെങ്കിൽ, രക്ഷിക്കപ്പെട്ടതിനുശേഷം നമ്മുടെ സ്വഭാവത്തിൽ മാറ്റം കാണണം. ദുശ്ശീലങ്ങളെയും പാപങ്ങളെയും തരണം ചെയ്യാൻ നമ്മെ സഹായിക്കാനുള്ള ദൈവത്തിന്റെ ശക്തിയും നമുക്കുണ്ട്. പാപത്തോട് 'ഇല്ല' എന്ന് പറയുന്നത് മുമ്പ് ഒരു പോരാട്ടമായിരുന്നെങ്കിൽ, പ്രലോഭനത്തെ ചെറുക്കാൻ ക്രിസ്ത്യാനികൾക്ക് പരിശുദ്ധാത്മാവിന്റെ സഹായം ഇപ്പോൾ ഉണ്ട്.

പഴയ രീതികളെയും ശീലങ്ങളെയും സംബന്ധിച്ചിടത്തോളം നമ്മുടെ ജീവിതത്തിൽ വലിയ മാറ്റത്തിന് പുറമേ, ദൈവത്തോടും അവന്റെ വചനത്തോടും മറ്റ് ക്രിസ്ത്യാനികളോടും നമുക്ക് ഒരു പുതിയ സ്നേഹം ഉണ്ടായിരിക്കണം. താക്കോൽ വാക്യത്തിലെ രണ്ട് ഭാഗങ്ങൾ ഓർക്കുക.

1. 'പഴയത് കഴിഞ്ഞുപോയി' (പാപവും ദുശ്ശീലങ്ങളും)
2. 'പുതുതായി തീർന്നിരിക്കുന്നു' (ദൈവത്തോടുള്ള ഒരു പുതിയ സ്നേഹം, പുതിയ ശക്തി, പുതിയ ശീലങ്ങൾ).

നിങ്ങളുടെ ജീവിതത്തിൽ അത്തരമൊരു മാറ്റം ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക് കഴിയുമോ? നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവ് അതാണ്. അതിന് ദൈവത്തോട് നന്ദി പറയുക



**ഇത് ക്രിസ്തീയ ജീവിതം എന്ന പഠനത്തിന്റെ അഞ്ച് യൂണിറ്റുകളിൽ ആദ്യത്തേത്**

# ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A6 - ക്രിസ്തീയ ജീവിതം

## ഒരു പുതിയ ജീവിതം

### പാഠം 4 – പുതുക്കപ്പെട്ട മനോഭാവങ്ങൾ

വായനഭാഗം:
**പ്രവൃത്തികൾ 16: 11–15**
താക്കോൽ വാക്യം:
**"പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറികയും ചെയ്യുന്നു".**
**1 യോഹന്നാൻ 4 :7**

മുമ്പത്തെ പഠനത്തിൽ നമ്മൾ ചില ആളുകൾ ക്രിസ്ത്യാനികളായി മാറിയപ്പോൾ അവരുടെ ജീവിതത്തിൽ അഗാധമായ മാറ്റങ്ങൾ സംഭവിച്ച കാര്യം കണ്ടു .. എന്നിരുന്നാലും, ചിലർക്ക് അവരുടെ ജീവിതശൈലിയിലെ മാറ്റം അത്ര നാടകീയമായിരിക്കില്ല; ഉദാഹരണത്തിന് അവർ ഒരിക്കലും മോശമായ ഭാഷ ഉപയോഗിച്ചിട്ടില്ല, സ്കൂളിൽ നിന്ന് പുറത്താക്കപ്പെട്ടിട്ടില്ല, അക്രമാസക്തരായിട്ടൊ അല്ലെങ്കിൽ മദ്യത്തിനോ മറ്റ് മയക്കുമരുന്നുകൾക്കോ അടിമപ്പെട്ടിട്ടോ ഇല്ലാത്ത സാഹചര്യങ്ങളിൽ നിന്ന് അവർ രക്ഷിക്കപ്പെടുമ്പോൾ സ്വഭാവത്തിൽ നാടകീയമായ മാറ്റം കാണുമെന്ന് നമുക്ക് പ്രതീക്ഷിക്കാനാവില്ല! വായന ഭാഗത്തു നാം വായിച്ചിട്ടുള്ള ലുദിയാ ഇങ്ങനെയായിരുന്നു; തീർച്ചയായും അവൾ ഒരു പ്രാർത്ഥനാ യോഗത്തിൽ പങ്കെടുക്കുമ്പോൾ ആണ് രക്ഷിക്കപ്പെട്ടത് !

നാം ക്രിസ്ത്യാനികളാകുമ്പോൾ നാം യഥാർത്ഥത്തിൽ പാപികളാണോ അല്ലയോ എന്നത് പരിഗണിക്കാതെ ദൈവം നമുക്കെല്ലാം പുതിയ ജീവിതവും പുതിയ ആഗ്രഹങ്ങളും നൽകുന്നു. നമ്മൾ 'ശരിക്കും പാപികൾ' എന്ന പ്രയോഗം ശ്രദ്ധാപൂർവ്വം ഉപയോഗിക്കണം കാരണം ദൈവത്തിന്റെ ദൃഷ്ടിയിൽ അങ്ങനെയുള്ള ഒരു വ്യത്യാസവുമില്ല! ***റോമർ 3:23*** ൽ പറയുന്നതുപോലെ നാമെല്ലാവരും പാപികളാണ് എന്നതാണ് വസ്തുത. നമ്മുടെ ജീവിതത്തിൽ നാം കാണേണ്ട പുതിയ ജീവിതത്തിന്റെയും പുതിയ ആഗ്രഹങ്ങളുടെയും ചില അടയാളങ്ങൾ നമുക്ക് നോക്കാം.

**ഒരു ക്രിസ്ത്യാനി ദൈവത്തെ സ്നേഹിക്കുവാൻ തുടങ്ങുന്നു.**
***(1 യോഹന്നാൻ 4:19)***

നാം കർത്താവായ യേശുവിൽ വിശ്വസിക്കുമ്പോൾ, അവനെ സ്നേഹിക്കുവാനും അവനെ പ്രസാദിപ്പിക്കുന്ന കാര്യങ്ങൾ ചെയ്യുവാനും ദൈവം നമ്മെ സഹായിക്കുന്നു. ദൈവത്തോടുള്ള ഈ സ്നേഹം അവൻ ഇഷ്ടപ്പെടാത്ത കാര്യങ്ങൾ നാം ചെയ്തുകൊണ്ട് അവനെ ദുഃഖിപ്പിക്കാതിരിക്കാൻ നമ്മെ സഹായിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമ്മൾ ദൈവത്തിനു വേണ്ടി ജീവിക്കാൻ തുടങ്ങുന്നു,. ***(2 കൊരിന്ത്യർ 5:15 കാണുക)***

**ഒരു ക്രിസ്ത്യാനി മറ്റ് ക്രിസ്ത്യാനികളെ സ്നേഹിക്കുവാൻ തുടങ്ങുന്നു.** ***(1 യോഹന്നാൻ 3:14)***

വീണ്ടും ജനിക്കുമ്പോൾ നാം ദൈവത്തിന്റെ കുടുംബത്തിന്റെ ഭാഗമായിത്തീരുന്നു. നമ്മുടെ ക്രിസ്തീയ സഹോദരീ സഹോദരന്മാരുമായി ഒത്തുപോകുവാൻ ചിലപ്പോൾ ബുദ്ധിമുട്ടായിരിക്കും, എന്നാൽ പരസ്പരം സ്നേഹിക്കാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. മറ്റ് ക്രിസ്ത്യാനികളെ സ്നേഹിക്കുന്നത് നാം വീണ്ടും ജനിച്ചതിന്റെ അടയാളങ്ങളിലൊന്നാണ്. ***1 യോഹന്നാൻ 3:14*** പറയുന്നത് 'നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്കു അറിയാം'. താക്കോൽ വാക്യവും വായിക്കുക ***1 യോഹന്നാൻ 4:7*** .

**ഒരു ക്രിസ്ത്യാനി ബൈബിളിനെ സ്നേഹിക്കാൻ തുടങ്ങുന്നു.**
***(1 പത്രോസ് 2:2)***

നാം ബൈബിൾ വായിക്കാൻ തുടങ്ങുന്നു. ബൈബിൾ പറയുന്നതെല്ലാം തന്നെ നമുക്ക് ഗ്രഹിച്ചേക്കില്ല, കാരണം അത് ഇപ്പോഴും മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു പുസ്തകമാണ്. എന്നാൽ നാം അതിനെ കൂടുതൽ വിലമതിക്കാൻ തുടങ്ങുന്നു; ബൈബിളിൽ എന്താണ് പറയുന്നതെന്ന് നാം മനസ്സിലാക്കാൻ തുടങ്ങുന്നു, ബൈബിൾ വായിക്കുവാനും, പഠിക്കുവാനും നമ്മൾ ആഗ്രഹിക്കുന്നു. ഒരു നവജാത ശിശുവിന് ജനിച്ചയുടനെ പാൽ നല്കുന്നതുപോലെ, ഒരു പുതിയ ക്രിസ്ത്യാനിക്ക് വളരാൻ ദൈവ വചനമാകുന്ന ***'ആത്മീയ പാൽ'*** ആവശ്യമാണ് ***(1 പത്രോസ് 2:2)***

**ഒരു ക്രിസ്ത്യാനി മറ്റുള്ളവരും ക്രിസ്ത്യാനികളാകാൻ ആഗ്രഹിച്ചു തുടങ്ങുന്നു .** ***(റോമർ 10:1)***

നാം നമ്മുടെ സുഹൃത്തുക്കളോടും കുടുംബാംഗങ്ങളോടും കർത്താവായ യേശുവിനെക്കുറിച്ച് സംസാരിക്കുവാനും അവർ രക്ഷിക്കപ്പെടുവാൻ വേണ്ടി പ്രാർത്ഥിക്കുവാനും തുടങ്ങുന്നു. ***"അവർ രക്ഷിക്കപ്പെടേണമേ എന്നാണ് എന്റെ ഹൃദയത്തിന്റെ ആഗ്രഹവും ദൈവത്തോടുള്ള പ്രാർത്ഥനയും"*** എന്ന് പറഞ്ഞ പൗലോസിന്റെ മാതൃക പിന്തുടരാൻ നമ്മൾ ശ്രമിക്കുന്നു. ***(റോമർ 10:1)***

**ഒരു ക്രിസ്ത്യാനി താൻ ദൈവത്തെ പ്രീതിപ്പെടുത്താൻ വേണ്ടി വിശുദ്ധനാകുവാൻ ശ്രമിക്കുന്നു.** ***(1 യോഹന്നാൻ 3: 23)***

ദൈവത്തോട് ഇപ്പോൾ നമുക്കുള്ള സ്നേഹം അവനെ പ്രസാദിപ്പിക്കാനുള്ള ആഗ്രഹം നൽകുന്നു. ബൈബിൾ വായിക്കുന്നതിലൂടെ നമുക്ക് എങ്ങനെ ദൈവത്തെ പ്രസാദിപ്പിക്കാമെന്നും പരിശുദ്ധാത്മാവ് ഈ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സഹായിക്കുന്നുവെന്നും കണ്ടെത്തുന്നു. (***കൊലൊസ്സ്യർ 3:12–15)*** ദൈവത്തെ പ്രസാദിപ്പിക്കാത്ത കാര്യങ്ങളെ കുറിച്ചും നാം പഠിക്കുകയും അവന്റെ ശക്തിയാൽ അവ ഒഴിവാക്കുകയും ചെയ്യാം. ഒരിക്കൽ നാം ക്രിസ്ത്യാനികളായിത്തീർന്നാൽ ഇനി ഒരിക്കലും പാപം ചെയ്യില്ല എന്നല്ല ഇതിനർത്ഥം, എന്നാൽ ഓരോ ദിവസവും കഴിയുന്തോറും നാം ക്രമേണ കർത്താവായ യേശുവിനെപ്പോലെ ആയിത്തീരും എന്നാണ് ഇതിനർത്ഥം.

ഇവയെല്ലാമാണ് 'പുതു ജനനത്തിന്റെ' ചില തെളിവുകൾ.ഇവയെല്ലാം പോസിറ്റീവ് കാര്യങ്ങളാണെന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും.ക്രിസ്തീയ ജീവിതത്തെ നാം നെഗറ്റീവ് ആയിട്ടാണ് സമീപിക്കാറുള്ളത്.എന്നാൽ നമ്മൾ ആത്മീയ ജീവിതത്തിന്റെ നല്ല വശങ്ങൾ മാത്രം ശ്രദ്ധിക്കുന്നതാണ് ഏറ്റവും നല്ലത്!



**ഇത് ക്രിസ്തീയ ജീവിതം എന്ന പഠനത്തിന്റെ അഞ്ച് യൂണിറ്റുകളിൽ ആദ്യത്തേത്**

© Bible Educational Services | Visit : www.besweb.com | 09/2022